## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2382** **07.10.2016 ൽ മറുപടിയ്ക്ക്**

### റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന്

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.ചിറ്റയം ഗോപകുമാർ** | | **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(ബഹു.കൃഷി വകുപ്പ് മന്ത്രി)** |
| (എ) റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ഇടപെടലിനായി ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;<br><br>(ബി) ആയതിന്മേൽ നാളിതുവരെയായി കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായിട്ടുള്ള നടപടികളുടെ വിവരങ്ങൾ വിശദമാക്കാമോ? | (എ)<br>&<br>(ബി) | റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനായി വിവിധ നിർദ്ദേശങ്ങളടങ്ങിയ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിക്കപ്പെടുകയും സ്വാഭാവിക ഉണക്ക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 25 ശതമാനമോ അല്ലെങ്കിൽ കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്ന നിലയ്ക്ക് നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ, രണ്ട് തുറമുഖങ്ങൾ വഴി മാത്രമായി ഇറക്കുമതി നിജപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ ചർച്ചയിൽ ഏർപ്പെട്ടിരിക്കുന്ന RCEP കരാർ നിലവിൽ വന്നാൽ റബ്ബർ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾക്ക് ഇറക്കുമതി മൂലം വിലത്തകർച്ച ഉണ്ടാകുവാനുള്ള സാദ്ധ്യത മുന്നിൽ കണ്ട്കൊണ്ട് കരാറിൽ റബ്ബർ ഉൾപ്പെടെയുള്ളവയുടെ സംരക്ഷണം ആവശ്യപ്പെട്ട് കേരള സർക്കാർ കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുമുണ്ട്. |

**സെക്ഷൻ ഓഫീസർ**